ഉത്തരം

(എ) ആവശ്യമായ നടപടികൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) 4-9-2002-ൽ ലഭിച്ചിട്ടുണ്ട്.

(സി) 2212/വി.ഐ.പി./എം.(എച്ച്. ആന്റ് എഫ്. ഡബ്ല്യു.)/02 ആയി ലഭിച്ച അപേക്ഷ കോഴിക്കോട് ജില്ലയിൽ ഇരിങ്ങണ്ണൂർ കായ്പനയിൽ ഹെൽത്ത് സെന്ററിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ നിയമിക്കുന്നത് സംബന്ധിച്ചുള്ളതായിരുന്നു. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എഫ്. ഡബ്ല്യു. എ4-68887/02 നമ്പർ പ്രകാരം 27-9-2002-ൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സെന്ററിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിനെ നിയമിച്ചിട്ടുമുണ്ട്.

ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള വാഹനങ്ങൾ

113 [835] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ എത്ര വാഹനങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പിൽ ഉന്നത ഉദ്യോഗസ്ഥർക്കുവേണ്ടി ഓടുന്ന വാഹനങ്ങളുടെ എണ്ണം തരംതിരിച്ച് വിശദീകരിക്കുമോ;

(സി) പ്രസ്തുത വാഹനങ്ങൾക്കെല്ലാം കൂടി എത്ര ഡ്രൈവർമാരുണ്ട്; വാഹന മില്ലാതെ എത്ര ഡ്രൈവർമാർ നിലവിലുണ്ട്;

(ഡി) തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുവദിച്ചിട്ടുള്ള വാഹനത്തിൽ എത്ര ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്;

(ഇ) ഈ വകുപ്പിൽ വാഹനങ്ങൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1380 വാഹനങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(1)	തിരുവനന്തപുരം	303
(2)	കൊല്ലം	75
(3)	പത്തനംതിട്ട	61
(4)	ആലപ്പുഴ	83

LIBRARY ARCHIVES Kerala Legislative Assembly

(5)	കോട്ടയം	81
(6)	ഇടുക്കി	78
(7)	എറണാകുളം	82
(8)	തൃശ്ശൂർ	82
(9)	പാലക്കാട്	121
(10)	മലപ്പുറം	118
(11)	കോഴിക്കോട്	93
(12)	വയനാട്	85
(13)	കണ്ണൂർ	70
(14)	കാസർഗോഡ്	48
	ആകെ	1380

(ബി) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് അദ്ധ്യക്ഷൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ എന്നിവർ ഒഴിച്ച് മറ്റ് ഉദ്യോഗസ്ഥൻമാർക്ക് മാത്രമായി വാഹനങ്ങൾ നൽകാറില്ല. മറ്റു വാഹനങ്ങൾ എല്ലാംതന്നെ വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതലകൾക്ക് നൽകിയിട്ടുള്ളതാകുന്നു.

(സി) പ്രസ്തുത വാഹനങ്ങൾക്കെല്ലാം കൂടി 729 ഡ്രൈവർമാരുണ്ട്. വാഹന മില്ലാതെ ഡ്രൈവർമാരാരുംതന്നെ നിലവിലില്ല.

(ഡി) തിരുവനന്തപുരം നഴ്സിംഗ് കോളേജിൽ ഒരു വാഹനത്തിന് ഒരു ഡ്രൈവർ എന്ന രീതിയിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ആരോഗ്യവകുപ്പിൽ വാഹനങ്ങൾ അനുവദിക്കുന്നത് പദ്ധതികൾ, പരിപാടികൾ, പ്രോജക്ടുകൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടാണ്. ആയതിന് മേൽപ്പറഞ്ഞതല്ലാതെ പ്രത്യേകിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ താൽക്കാലികമായി മറ്റു വകുപ്പുകൾക്ക് നിയമവിധേയമായി വാഹനം നൽകാറുണ്ട്. പദ്ധതികൾക്കും പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കഴിവതും പാലിക്കപ്പെടാൻ ശ്രദ്ധിക്കാറുണ്ട്.

ഫാമിലി വെൽഫെയർ പദ്ധതികൾക്കായി അനുവദിച്ച ഫണ്ടിൽനിന്നും വാഹനങ്ങൾ വാങ്ങുന്നതിനു വകയിരുത്തിയ തുക

114 [837] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയം 2003-04 വർഷം സംസ്ഥാനത്തിന് ഫാമിലി വെൽഫെയർ പദ്ധതികൾക്കായി അനുവദിച്ച ഫണ്ടിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് മാത്രമായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly